**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2815** **12-07-2022 - ൽ മറുപടിയ്ക്ക്**

**പൊൻമുടി യു. പി. സ്കൂളിനു സമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പെരിങ്ങമല ഗ്രാമപഞ്ചായത്തിൽപ്പെട്ട പൊൻമുടി യു. പി. സ്കൂളിനു സമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്തയും ചിത്രങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പൊന്മുടി സെക്ഷൻ സ്റ്റാഫുകൾ എന്നിവർ ജനപ്രതിനിധികളുടെയും പ്രദേശവാസികളുടെയും സ്കൂൾ അധികൃതരുടെയും സാന്നിദ്ധ്യത്തിൽ വിശദ പരിശോധന നടത്തിയെങ്കിലും പുലി ഇറങ്ങിയത് സ്ഥിരീകരിച്ചിട്ടില്ല. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കൂളിന് ചുറ്റും മതിൽ നിർമ്മാണം നടത്തുന്നതിന് ആവശ്യമായ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രദേശത്ത് വനം ഉദ്യോഗസ്ഥരുടെ Day night patrolling ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വാസസ്ഥലങ്ങൾ, സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നും വന്യമൃഗങ്ങളെ തുരത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | വന്യജീവികൾ ജനവാസ മേഖലയിൽ, പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നിരന്തരം പട്രോളിംഗ് നടത്തുന്നതിന് പുറമേ ജനജാഗ്രത സമിതികൾ, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വന്യമൃഗങ്ങൾ ഭക്ഷണം, കുടിവെള്ളം തുടങ്ങിയവ തേടി ജനവാസ മേഖലയിൽ പ്രവേശിക്കുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. സോളാർ ഫെൻസിംഗ്, ട്രഞ്ച്, കയ്യാലകൾ എന്നിവയുടെ നിർമ്മാണത്തിലൂടെ വന്യജീവികൾ ജനവാസ മേഖലയിലേക്ക് പ്രവേശിക്കുന്നത് പ്രതിരോധിക്കാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ